കൊല്ലക്കടവിൽ 14.39 ഏക്കർ സ്ഥലം വ്യവസായികൾക്കായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 13.81 ഏക്കർ സ്ഥലം അവർ ഉപയോഗപ്പെടുത്തുന്നു. ഇവിടെ 49 വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ബാക്കി 0.58 ഏക്കർ സ്ഥലം തിരിച്ചെടുത്തിട്ടുണ്ട്.

മാവേലിക്കര മിനി വ്യവസായ എസ്റ്റേറ്റിൽ 40 സെന്റ് സ്ഥലം വ്യവസായികൾക്കായി അനുവദിച്ചിട്ടുണ്ട്. ഇവിടെ 4 വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. കൂടാതെ 35 സെന്റ്, 2 വ്യവസായ യൂണിറ്റുകൾ അനുവദിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളിലെ റേറ്റിംഗ് സമ്പ്രദായം

167(2156) ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് വിലയിരുത്താൻ റേറ്റിംഗ് സമ്പ്രദായം നടപ്പിലാക്കുന്നകാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ ;

(ബി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ;

(സി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്ര പൊതുമേഖലാ വ്യവസായങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള MoU സംവിധാനം പ്രാവർത്തികമാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 21 സ്ഥാപനങ്ങളുടെ പരീക്ഷണാടിസ്ഥാനത്തിലുള്ള MoU തയ്യാറാക്കുകയും അവയിൽ 10 സ്ഥാപനങ്ങളുടെ വിശദമായ വിലയിരുത്തൽ നടത്തിയിട്ടുമുണ്ട്.

ഈ സംവിധാനത്തിന്റെ ഭാഗമായി ഉടമ്പടിയിൽ ഏർപ്പെടേണ്ട സർക്കാരും പൊതുമേഖലാ സ്ഥാപനങ്ങളും അവലംബിക്കേണ്ട നയപരവും സാങ്കേതികപരവുമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങളിൽ ഈ സംവിധാനം നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

MoU സംവിധാനം നടപ്പിലാക്കുന്നത് വഴി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പാദനക്ഷമത, വിറ്റുവരവ്, ലാഭം, സാമ്പത്തിക അച്ചടക്കം, ഉൽപ്പന്നത്തിന്റെ ഗുണമേന്മയും അംഗീകാരവും, തൊഴിലാളി-മാനേജ്മെന്റ് ബന്ധം Research & Development സ്ഥാപനങ്ങളുമായുള്ള ബന്ധം, സാമൂഹിക പ്രതിബദ്ധത എന്നീ മേഖലകളിൽ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുന്നതാണ്.

(ബി&സി) MoU സംവിധാനം പ്രാവർത്തികമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല റിയാബിനെയാണ് ഏൽപ്പിച്ചിരുന്നത്. പരീക്ഷണാടിസ്ഥാനത്തിൽ തയ്യാറാക്കിയ MoU-ന്റെ വിശദമായ വിലയിരുത്തൽ നടത്തുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനത്തിനെയാണ് ചുമതല പെടുത്തിയിരുന്നത്

കാസർഗോഡ്- തിരുവനന്തപുരം അതിവേഗ റെയിൽ ഇടനാഴി

168(2157) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ്-തിരുവനന്തപുരം അതിവേഗ റെയിൽ ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കായി DMRC സർവ്വേ നടപടികൾ നടത്തിവരുന്നു. അതിവേഗ റെയിൽ കോറിഡോർ പദ്ധതിയുടെ മേൽനോട്ടം പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള കേരള ഹൈസ്പീഡ് റെയിൽ കോർപ്പറേഷനാണ്. ചില സ്ഥലങ്ങളിൽ ജനങ്ങളുടെ എതിർപ്പ് കാരണം സർവ്വേ ജോലികൾ തടസ്സപ്പെട്ടിരുന്നു. അതിനാൽ പ്രതീക്ഷിച്ച സമയത്ത് പദ്ധതി രൂപരേഖ തയ്യാറാക്കാൻ സാധിച്ചില്ല. സമയബന്ധിതമായി സർവ്വേ ജോലികൾ പൂർത്തീകരിച്ച് പദ്ധതിരേഖ തയ്യാറാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നഷ്ടത്തിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങൾ

169(2158) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly